# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T 2027 - 05/12/2018 -ലെ മറുപടിക്ക്

### പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ്

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. കെ. രാജൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയാനന്തര സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ: | സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും/ സ്പോൺസർ ചെയ്യുന്നതിനും, കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ശുപാർശകൾ ലഭിച്ചു വരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് സർക്കാർ ഒരു ക്രൗഡ്ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് തയ്യാറാക്കുകയും ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി | ക്രൗഡ് ഫണ്ടിംഗ് പോർട്ടലിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, മറ്റ് | ലഭ്യമാണ്. |

| | | |
|---|---|---|
| | കൂട്ടായ്മകൾ എന്നിവർക്ക് പദ്ധതികൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകുന്നതിനുള്ള അവസരം ലഭ്യമാണോയെന്ന് അറിയിക്കുമോ; | |
| സി | പ്രസ്തുത പോർട്ടലിൽ പദ്ധതികൾ തെരഞ്ഞെടുത്ത് സംഭാവന നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംവിധാനം rebuild.kerala.gov.in എന്ന വെബ്സൈറ്റിൽ ആണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വെബ്സൈറ്റിലെ നിയുക്ത ഓപ്ഷനുകൾ വഴി വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്. |
| ഡി | പ്രസ്തുത പദ്ധതിയുടെ പുരോഗതിയും തുക ചെലവഴിക്കുന്ന വിധവും തുക നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടോ; വ്യക്തമാക്കുമോ? | സർക്കാരോ അംഗീകൃത ഏജൻസികളോ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഓരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ